ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന് കീഴിൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടതിന്റെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

1. ഫോറസ്റ്റ് ഗാർഡ് – 2
2. എൽ. ഡി. ക്ലാർക്ക് – 1
3. ഫോറസ്റ്റർ – 1

(ബി) ഐ.എഫ്.എസ്. കേഡറിലുള്ള 9 ഉദ്യോഗസ്ഥന്മാർ വിജിലൻസ് അന്വേഷണം നേരിടുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഐ.എഫ്.എസ്. ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. സൂപ്പർ ന്യൂമററി തസ്തികയിൽ 3 ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

## നഗരങ്ങളിലെ ചെറുതോടുകളും കുളങ്ങളും മാലിന്യ വിമുക്തമാക്കി സംരക്ഷിക്കാൻ നടപടി

99 [652] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ നദികളും ചെറുതോടുകളും മലിനമാകാതിരിക്കാൻ സർക്കാർ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) നഗരങ്ങളിലെ പുരാതന കുളങ്ങൾ, കാവുകൾ എന്നിവയെ മലിനമാക്കാതെ സംരക്ഷിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജല മലിനീകരണം നിയന്ത്രിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 1974-ലെ ജല മലിനീകരണ (നിവാരണ നിയന്ത്രണ) നിയമനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നിയമമനുസരിച്ച് ബോർഡ് വ്യവസായശാലകൾക്കും ആശുപത്രി മുതലായ സ്ഥാപനങ്ങൾക്കും നിബന്ധനാ വിധേയമായ അനുമതി പത്രം നൽകിവരുന്നു. പ്രസ്തുത അനുമതി പത്രത്തിൽ പാഴ് ജലത്തിന്റെ പരമാവധി അളവ്, പാഴ് ജലത്തിലെ വിവിധ ഘടകങ്ങളുടെ പരിധി, പാഴ് ജലം ഒഴുക്കേണ്ട സ്ഥലം തുടങ്ങിയവ സംബന്ധിച്ച നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ ബോർഡ് ഉദ്യോഗസ്ഥർ ഇടയ്ക്കിടെ വ്യവസായശാലകളിലും ആശുപത്രികളിലും മറ്റും പരിശോധന നടത്തുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം നിർണ്ണയിക്കുകയും ഗുണവ്യതിയാനം കാണുന്നപക്ഷം വേണ്ട നിർദ്ദേശങ്ങൾ നൽകുകയും മുൻകരുതൽ നടപടികൾ എടുപ്പിക്കുകയും ഗുരുതരമായ നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പ്രധാന നദികളിലെയും കായലുകളിലെയും ജലത്തിന്റെയും ഭൂജലത്തിന്റെയും ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിനായി ഗ്ലോബൽ എൻവയൺമെന്റൽ മോണിറ്ററിംഗ് സിസ്റ്റം, നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം, ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്കീം തുടങ്ങിയ പദ്ധതികൾ ബോർഡ് നടപ്പാക്കിവരുന്നു.

(ബി) ഇവ സംരക്ഷിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നുണ്ട്.

## വന വികസന പദ്ധതികൾ

100 [653] പ്രൊഫ: എ. ഡി. മുസ്തഫ :

ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി കേരളത്തിന് എത്ര വനവികസന ഏജൻസി പദ്ധതികൾ അനുവദിച്ചിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ; ഇവ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ & ബി) ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി കേരളത്തിൽ നാളിതുവരെ പതിനാല് വനവികസന ഏജൻസി പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം
2. തെന്മല
3. റാന്നി
4. കോട്ടയം
5. മൂന്നാർ
6. വാഴച്ചാൽ
7. തൃശ്ശൂർ
8. പാലക്കാട്
9. നെന്മാറ
10. നോർത്ത് നിലമ്പൂർ
11. കോഴിക്കോട്
12. സൗത്ത് വയനാട്
13. നോർത്ത് വയനാട്
14. കണ്ണൂർ.

വനവികസന ഏജൻസി പദ്ധതികൾ പത്താം പഞ്ചവത്സര പദ്ധതിയിലേക്കാണ് അനുവദിച്ചിട്ടുള്ളത്. 2006-07 വരെയാണ് പദ്ധതി കാലാവധി.

LIBRARY ARCHIVES Kerala Legislative Assembly